**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1831** **02-02-2024 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) -ൽ വെർചൽ റിയാലിറ്റി സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; ഇത് രാജ്യത്തെ തന്നെ ആദ്യ സംവിധാനമാണോ; ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | ഉണ്ട്.സർക്കാർ മേഖലയിലെ രാജ്യത്തെ ആദ്യ സംവിധാനമാണിത്. പ്രതീതി യഥാർത്ഥ്യം (Virtual Reality) അടിസ്ഥാനമാക്കിയുള്ള എക്സർസൈസുകളും ഓഗ്മെന്റഡ് റിയാലിറ്റികളുടെയും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെയും സഹായത്തോടെയുള്ള ഒരു കൂട്ടം ക്ലിനിക്കൽ ഇടപെടലുകളെയാണ് വെർച്ചൽ റിഹാബിലിറ്റേഷൻ എന്ന് പറയുന്നത്. ഒരു മൾട്ടി മോഡൽ സെൻസറി ഇൻഫർമേഷന്റെ സഹായത്തോടെ കൂടുതൽ കായികവും ബൗദ്ധീകവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ വ്യക്തിഗത ഇടപെടൽ സാധ്യമാക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും. ജീവിത സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുന്നതിനും അകാരണമായ ഭയം, ഫോബിയ തുടങ്ങിയ കാരണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തികളെ ജീവിത സാഹചര്യങ്ങൾ കൃത്രിമമായി സൃഷ്ടിച്ച് അവയിൽ പരിശീലനം നൽകുന്നതിനും (ട്രെയിനിൽ കയറുക, പൊതുഗതാഗത സൗകര്യങ്ങൾ ഉപയോഗിക്കുക, ബോട്ടിൽ കയറുക, റോഡ് മുറിച്ച് കടക്കുക, ആൾക്കൂട്ടത്തിൽ സഞ്ചരിക്കുക) ചലന പ്രശ്നങ്ങൾ ഉള്ളവരെ നടത്തം പരിശീലിപ്പിക്കുന്നതിനും സഹായിക്കുന്ന സംവിധാനമാണ് വെർച്ചൽ റിയാലിറ്റി. |
| (ബി) | ഏതെല്ലാം കോഴ്സുകളും ചികിത്സാ സൗകര്യങ്ങളുമാണ് നിപ്മറിൽ ലഭ്യമായിട്ടുള്ളത്; ചലനക്ഷമത കൂട്ടുന്നതിനും നാഡീപ്രശ്നങ്ങൾ കാരണം ചലനമറ്റവർക്ക് ചികിത്സ എളുപ്പമാക്കുന്നതിനും ഇവിടെ സംവിധാനമുണ്ടോ; മറ്റെന്തെല്ലാം | (ബി) | NIPMR-ൽ സെറിബ്രൽ പാൾസി, ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ്, ഇന്റെലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റി എന്നീ അവസ്ഥകളാൽ ബുദ്ധിമുട്ടുന്ന കുട്ടികൾക്കായി മൂന്ന് സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരാകാനുള്ള ഏറ്റവും |

| | | | |
|---|---|---|---|
| | രോഗങ്ങൾക്കാണ് ഇവിടെ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ? | | കുറഞ്ഞ യോഗ്യതയായ രണ്ട് വർഷം ദൈർഘ്യമുള്ള ഡിപ്ലോമ സ്പെഷ്യൽ എഡ്യുക്കേഷൻ കോഴ്സും, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന 4½ വർഷം ദൈർഘ്യമുള്ള ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി കോഴ്സും NIPMR ൽ ഉണ്ട്. ഇതോടൊപ്പം 18 നും 30 നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ യുവതീ യുവാക്കളെ സ്വയം പര്യാപ്തരാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന തൊഴിൽ അധിഷ്ഠിത പരിശീലനമായ 6 മാസം ദൈർഘ്യമുള്ള എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc) പ്രോഗ്രാമും നടപ്പിലാക്കി വരുന്നു.<br><br>ചലന ക്ഷമത കൂട്ടുന്നതിനും നാഡീപ്രശ്നങ്ങൾ കാരണം ചലനമറ്റവർക്ക് ചികിത്സ എളുപ്പമാക്കുന്നതിനും NIPMR ൽ വിവിധ തെറാപ്പി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>NIPMR ൽ ലഭ്യമാക്കുന്ന വിവിധ തെറാപ്പി സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റ്** : നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ, ബ്രെയിൻ ഇഞ്ച്വറി, അപകടം എന്നിവ മൂലം വീൽചെയറിൽ അല്ലെങ്കിൽ കിടക്കയിൽ ശിഷ്ടകാലം ജീവിക്കേണ്ട അവസ്ഥയുള്ളവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഫിസിയാട്രിസ്റ്റ്, RMO എന്നിവരുൾപ്പെടുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടീം NIPMR-ൽ ഉണ്ട്. 8 കിടക്കകളാണ് നിലവിൽ ഉള്ളത്. ശരാശരി മൂന്നു മാസം തുടർച്ചയായ ട്രീറ്റ്മെന്റ്/തെറാപ്പി സേവനങ്ങൾ നൽകിയും തുടർന്ന് കൃത്യമായ ഫോളോഅപ്പ് നൽകിയും ഇവരെ സമൂഹത്തിൽ ഉൾച്ചേർക്കുന്നതിനായി ഏറ്റെടുത്തിരിക്കുന്ന ദൗത്യമാണ് ഈ യൂണിറ്റ് പൂർത്തീകരിക്കുന്നത്.

**NIPMR നൽകി വരുന്ന തെറാപ്പി സേവനങ്ങൾ** : ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഓഡിയോ ടെസ്റ്റുകൾ, ബിഹേവിയറൽ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, പ്രോസ്തെറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് സേവനങ്ങൾ, ഡയറ്റീഷ്യൻ, സോഷ്യൽ വർക്കർമാർ, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ, ഫിസിയാട്രിസ്റ്റ്, RMO തുടങ്ങിയവരുടെ സേവനം ഈ സ്ഥാപനം നൽകി വരുന്നു.

കൃത്യമായ വിലയിരുത്തലുകൾ നടത്തി ആവശ്യമായ തെറാപ്പി സേവനമാണ് ഈ സ്ഥാപനം നൽകുന്നത്.

ഫിസിയോ തെറാപ്പി സേവനത്തിന് അനുബന്ധമായി ഹൈഡ്രോ/ അക്വാട്ടിക് തെറാപ്പി, ന്യൂറോ ഫിസിയോ തെറാപ്പി യൂണിറ്റ്, ഓർത്തോ ഫിസിയോ തെറാപ്പി യൂണിറ്റ്, പീഡിയാട്രിക്ക് ഫിസിയോ തെറാപ്പി യൂണിറ്റ്, ഗെയ്റ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് എന്നിവ പ്രവർത്തിക്കുന്നു.

ഓഡിയോ ആന്റ് സ്പീച്ച് സയൻസ് വിഭാഗത്തിൽ ഭിന്നശേഷിക്കാർക്കായി പ്യുവർ ടോൺ ഓഡിയോമെട്രി (PTA), ഇംപിഡൻസ് ഓഡിയോമെട്രി, ഓട്ടോ അക്വസ്റ്റിക് എമിഷൻ (OAE), ബ്രെയിൻസ്റ്റെം ഇവോക്ക്ഡ് റെസ്പോൺസ് ഓഡിയോമെട്രി (BERA), ഓഡിറ്ററി സ്റ്റെഡി സ്റ്റേറ്റ് റെസ്പോൺസ് (ASSR), ഹിയറിംഗ് എയ്ഡ് ട്രയൽ ആന്റ് ഫിറ്റിംഗ്, ഹിയറിംഗ് എയ്ഡ് പ്രോഗ്രാമിംഗ്, ഹിയറിംഗ് എയ്ഡ് ഡിസ്പെൻസിംഗ് യൂണിറ്റ്, ഇയർ മോൾഡ് ലാബ് തുടങ്ങിയ സേവനങ്ങളും NIPMR നൽകി വരുന്നു. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയക്ക് വിധേയരാകുന്നവർക്ക് ഓഡിറ്ററി വെർബൽ തെറാപ്പി (AVT) ട്രെയിനിംഗ് നൽകുന്ന അംഗീകൃത സ്ഥാപനമാണ് NIPMR. സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഡിസ്ലേക്സിയ മാനേജ്മെന്റ് തുടങ്ങിയ സംവിധാനങ്ങളും സേവനങ്ങളും ഈ വിഭാഗം നൽകി വരുന്നു.

ഒക്യുപ്പേഷണൽ തെറാപ്പിക്ക് അനുബന്ധമായി സ്പ്ലിൻറിംഗ് യൂണിറ്റ്, സെൻസറി ഗാർഡൻ, സെൻസറി പാർക്ക്, വെർച്ച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റ്, ADL അപ്പാർട്ട്മെന്റ്, എർഗോ ലാബ്, ചൈൽഡ് സൈക്യാർട്ടി, സെൻസറി ഇന്റഗ്രേഷൻ എന്നീ വിഭാഗങ്ങളും പ്രവർത്തിക്കുന്നു.

ബിഹേവിയറൽ/സൈക്കോ തെറാപ്പി : NIPMR ൽ ഇതര തെറാപ്പി സേവനങ്ങൾക്ക് എത്തുന്നവർക്ക് കാണപ്പെടുന്ന ബീഹേവിയറൽ പ്രശ്നങ്ങൾ മറികടക്കുന്നതിനായി സഹായിക്കുന്ന വിഭാഗമാണ് ബീഹേവിയറൽ തെറാപ്പിസ്റ്റുകൾ.

ഡെവലപ്പ്മെന്റൽ തെറാപ്പി വഴി നേരത്തേയുള്ള ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികളെ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സാ സേവനങ്ങൾ നൽകി അവരെ സ്വയം പര്യാപ്തരാക്കാനും സഹായിക്കുന്ന വിഭാഗമാണിത്.

**<u>പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് യൂണിറ്റ്</u>** : ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായക ഉപകരണങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ പർച്ചേസ് ചെയ്യാൻ സർക്കാർ അനുമതിയുള്ള സ്ഥാപനമാണ് **NIPMR.** സഹായക ഉപകരണങ്ങൾ ആവശ്യമുള്ള വ്യക്തികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ രൂപ മാറ്റം വരുത്തി നൽകാൻ ഇതിലൂടെ

കഴിയും. ഇതുവഴി വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും സ്വയം പ്രാപ്തരാക്കാൻ കഴിയുകയും ചെയ്യുന്നു.

**<u>ഹൈഡ്രോ/ അക്വാട്ടിക് തെറാപ്പി യൂണിറ്റ് :</u>** ഫിസിക്കൽ മെഡിസിൻ രംഗത്ത് ഏറെ പ്രാധാന്യമുള്ള ചികിത്സാ രീതിയാണിത്. ഹൈഡ്രോതെറാപ്പി, രോഗിയുടെ ശാരീരിക അവസ്ഥയിൽ വേഗത്തിൽ പുരോഗതി ഉറപ്പ് നൽകുന്നു. സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്ക് ഈ ചികിത്സാ സംവിധാനം ഏറെ ഗുണകരമാണ്. ഇവരെ കൂടാതെ പക്ഷാഘാതം, അപകടങ്ങൾ എന്നിവ മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും ഈ ചികിത്സാ രീതി ഏറെ പ്രയോജനകരമാണ്. ആധുനിക സംവിധാനങ്ങൾ ഉൾപ്പെടെ കൃത്യമായ താപനില കണക്കാക്കി, അണുനശീകരണം നടത്തി തെറാപ്പി പൂളിലെ ജലം ചികിത്സക്കായി ഇവിടെ ഉപയോഗിക്കുന്നു.

**<u>സെൻസറി ഗാർഡൻ</u>**: സെൻസറി പ്രോസസ്സിംഗ് ഡിസോർഡേഴ്സ് ഉള്ള കുട്ടികൾക്ക് സെൻസറി സ്റ്റിമുലേഷനോടുള്ള തീവ്രമായ പ്രതികരണങ്ങൾ ഉണ്ടാകാറുണ്ട്, അവ ഒന്നുകിൽ വളരെയധികം അല്ലെങ്കിൽ വളരെ കുറച്ച് ഉത്തേജിപ്പിക്കപ്പെടുന്നു. ഓട്ടിസം, മസ്തിഷ്ക ക്ഷതം, മാസം തികയാതെയുള്ള ജനനം തുടങ്ങി നിരവധി കാരണങ്ങളാൽ ഇത് സംഭവിക്കാം. തത്ഫലമായി, വ്യക്തിക്ക് പലപ്പോഴും വളർച്ചാവിളംബം ഉണ്ടാകും. ഭിന്നശേഷിക്കാരുടെ ഇന്ദ്രിയങ്ങൾ ഉത്തേജിപ്പിക്കുന്നതിന് സുരക്ഷിതത്വവും സുഖകരവുമായ

ഒരു പരിതസ്ഥിതിയാണ് സെൻസറി ഗാർഡൻ സൃഷ്ടിക്കുന്നത്. ഹൈപ്പർ റിയാക്ടീവ് ആയ കുട്ടികൾക്ക്, സെൻസറി ഗാർഡൻ ഒരു വിശ്രമ അന്തരീക്ഷമാണ് നൽകുന്നത്. എന്നാൽ ഉത്തേജകങ്ങളോട് പ്രതികരിക്കാത്ത കുട്ടികൾക്ക്, സെൻസറി ഗാർഡൻ ഇന്ദ്രിയാനുഭാവങ്ങളെ ഉത്തേജിപ്പിക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. ഭിന്നശേഷിക്കാർക്ക് പ്രകൃതിയെ അറിഞ്ഞ് ചുറ്റുപാടുകളെ കുറിച്ച് പഠിക്കാനും ഇത് ഉപകരിക്കുന്നു. സ്പർശനം, മണം, കാഴ്ച്ച, കേൾവി തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളെ ഉണർത്താനും പരിപോഷിപ്പിക്കാനും ഭിന്നശേഷിക്കാർക്ക് ഉപകാരപ്രദമാകും വിധം നിർമ്മിച്ചിരിക്കുന്ന ഉദ്യാനമാണ് സെൻസറി ഗാർഡൻ. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ പഠനം സുഗമമാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഈ ഗാർഡനിൽ ഒരുക്കിയിട്ടുണ്ട്.

NIPMR ലെ സെൻസറി ഗാർഡനിൽ അക്കങ്ങൾ അക്ഷരങ്ങൾ ലളിതമായ ഗണിതക്രിയകൾ എന്നിവ ഉൾപ്പെടുത്തുന്നതിനും നിലവിലെ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി NIPMR ലെ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ അക്കാദമിക്ക് പഠനം രസകരമായി നടത്തുന്നതിനും കഴിയുന്ന രീതിയിൽ പെഡഗോയിക്ക് എലമെന്റ്സ് സെൻസറി ഗാർഡനിൽ ഉൾച്ചേർക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചു.

**സെൻസറി പാർക്ക്** :സെൻസറി പാർക്ക് ഭിന്നശേഷിക്കാരുടെ സംവേദനാത്മക പ്രേരണകളെ ഉത്തേജിപ്പിക്കുകയും സംവേദനാത്മക സമ്പുഷ്ടമായ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇവരുടെ പെരുമാറ്റത്തിലെ പ്രശ്നങ്ങളും പ്രതികരണങ്ങളും നിയന്ത്രിക്കാൻ ഒരു തെറാപ്പി മാർഗ്ഗമായി ഇത് പ്രയോജനപ്പെടുത്തുന്നു.

**മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ :** ഭിന്നശേഷിക്കാരുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും മാനസികവും ശാരീരികവും സാമൂഹികവുമായ ഇടപെടലുകൾ വളർത്താനും NIPMR-ൽ ഒരു മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ സ്ഥാപിച്ചിട്ടുണ്ട്. NIPMR ലെ മൂന്ന് സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളും, NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരും ഈ മ്യൂസിക് ഡാൻസ് തിയറ്റർ പ്രയോജനപ്പെടുത്തുന്നു.

**റീഹാബ് ഓൺ വീൽസ് :** പെട്രോനെറ്റ് CCK യുടെ സാമ്പത്തിക സഹായത്തോടെ പർച്ചേസ് ചെയ്ത വാഹനവും വിവിധ തെറാപ്പി ഉപകരണങ്ങളും ഉപയോഗിച്ച് ഭിന്നശേഷിക്കാരെ നേരത്തേ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തി അവരെ സമൂഹത്തിൽ ഉൾച്ചേർക്കുന്നതിനുമായി ഏറ്റെടുത്തിരിക്കുന്ന പദ്ധതിയാണിത്. ബഡ്സ് സ്കൂളുകൾ, പുനരധിവാസ കേന്ദ്രങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ അതത് മേഖലകളിലുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി അവർക്ക്

ആവശ്യമായ തെറാപ്പി, സേവനങ്ങൾ, ഓഡിയോ ടെസ്റ്റ് ഉൾപ്പെടെ നടത്തുന്നതിനുള്ള സംവിധാനമാണിത്. നാളിതുവരെ 5729 പേർക്ക് റീഹാബ് ഓൺ വീൽസ് വഴി തെറാപ്പി സേവനങ്ങൾ നൽകാൻ കഴിഞ്ഞു.

**<u>വീൽ ട്രാൻസ് പ്രോജക്ട് :</u>** ഭിന്നശേഷിക്കാർക്ക് തടസ രഹിത പ്രവേശനവും സഞ്ചാരവും ഉറപ്പാക്കുന്നതിനായുള്ള രൂപമാറ്റം വരുത്തിയ ആംബുലൻസ് ആണ് വീൽ ട്രാൻസ്. മുൻ ഇരിങ്ങാലക്കുട MLA പ്രൊഫ. കെ.യു.അരുണൻ മാസ്റ്ററുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നാണ് ഈ പദ്ധതിക്കാവശ്യമായ തുക അനുവദിച്ചത്. ഡിമാന്റ് റെസ്പോൺസ് ട്രാൻസ്പോർട്ട് ആയും ഈ സംവിധാനം ഉപയോഗിക്കാം.

**<u>റിഹാബ് എക്സ്പ്രസ്സ് :</u>** NIPMR ന്റെയും KSSM ന്റെയും ഒരു സംയുക്ത പദ്ധതി. KSRTC യിൽ നിന്നും ഒരു ലോ ഫ്ലോർ AC ബസ് വാടകക്കെടുത്ത് റീഹാബിലിറ്റേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ തരത്തിൽ രൂപമാറ്റം വരുത്തി വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഭിന്നശേഷിക്കാർക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ നൽകുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**<u>സിമുലേഷൻ സൂപ്പർ മാർക്കറ്റ് :</u>** ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പണമിടപാട്, സാമൂഹ്യ ഇടപെടൽ, വിപണന തന്ത്രം, വ്യക്തിത്വ വികാസം എന്നിവ വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സിമുലേഷൻ മാതൃകയിൽ ഒരു സൂപ്പർ മാർക്കറ്റ് NIPMR നടപ്പിലാക്കുന്നു.

**<u>ഇൻസ്ട്രുമെൻറഡ് ഗെയ്റ്റ് ആൻറ് മോഷൻ അനാലിസിസ് ലാബ് :</u>** കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ച നിരവധി ക്യാമറകളുടെ സഹായത്തോടെ ഓരോ വ്യക്തിയുടേയും ചലന പ്രശ്നങ്ങൾ രേഖപ്പെടുത്തുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുന്നത്.ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ EMG ഇലക്ട്രോഡുകൾ ഘടിപ്പിച്ച് വ്യക്തിയുടെ ചലനത്തെപ്പറ്റി പഠിക്കുന്നു. സെറിബ്രൽ പാൾസി ബാധിതരായ വ്യക്തികളുടെ ചലന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനുള്ള ഉത്തമ മാർഗ്ഗമാണിത്.

**<u>ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ് :</u>** നാഡീ സംബന്ധവും ന്യൂറോ വാസ്കുലാർ സംബന്ധവുമായ പ്രശ്നങ്ങൾ കാരണം ചലന ശേഷിയിലും പ്രവർത്തന ക്ഷമതയിലും ബുദ്ധിമുട്ട് നേരിടുന്ന വ്യക്തികളെ ചികിത്സിക്കുന്ന രീതിയാണ് ന്യൂറോ ഫിസിയോ തെറാപ്പി. ഹ്യൂബർ **360** ഉൾപ്പടെയുള്ള ആധുനിക സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്**.**

**<u>ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം :</u>** റിക്രിയേഷൻ സംവിധാനത്തിലൂടെ തെറാപ്യൂട്ടിക്ക്

സംവിധാനം തയ്യാറാക്കുന്നതിനായി ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം എന്നിവ ഒരുക്കുകയും ഇതുവഴി ഉല്ലാസകരമായ അന്തരീക്ഷത്തിലൂടെ തെറാപ്പികൾ നടത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നതിനായുള്ള സംവിധാനമാണിത്.

<u>**ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആൻറ് ഗെയിം ആക്ടിവിറ്റി സോൺ** :</u> ഭിന്നശേഷിക്കാരുടെ മാനസീക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റാണ് സ്പോർട്സ് ആൻറ് ഗെയിം ആക്ടിവിറ്റി സോൺ.

<u>**ദന്ത പരിചരണ വിഭാഗം :**</u> NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് പല തരത്തിലുള്ള ദന്ത രോഗങ്ങളും അനുബന്ധ പ്രശ്നങ്ങളും ഉണ്ടെന്നും ഇത് പലതരത്തിലുള്ള ബിഹേവിയറൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നും ഡെൻറൽ ഹൈജീനിന്റെ ഭാഗമായി ഒരു ഡെൻറിസ്റ്റിന്റെ സേവനം അത്യാവശ്യമായതിനാലും ഇത്തരം കുട്ടികൾക്ക് ആവശ്യമായ ദന്ത പരിചരണം മറ്റ് ഡെന്റൽ കെയർ സെന്ററുകളിൽ ലഭ്യമല്ലാത്തതിനാലും ഈ കുറവ് പരിഹരിക്കുന്നതിന് കൺസൾട്ടൻസി അടിസ്ഥാനത്തിൽ ഒരു ഡെൻറിസ്റ്റിന്റെ സേവനം NIPMR നൽകി വരുന്നു.

**നേത്ര പരിശോധനാ വിഭാഗം :** NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്നവർക്ക് പ്രത്യേകിച്ച് സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കണ്ടുവരുന്ന ഒരു പ്രശ്നമാണ് കാഴ്ച്ചക്കുറവ്. ഇത് ഇത്തരക്കാരുടെ മറ്റ് ആരോഗ്യ പ്രശ്നങ്ങൾ മൂലം ശ്രദ്ധിക്കപ്പെടാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ഭിന്നശേഷി മേഖലയിൽ കാഴ്ചയില്ലാത്തവരും മറ്റ് പ്രശ്നങ്ങൾക്കൊപ്പം കാഴ്ചക്കുറവ് ഒരു അനുബന്ധ പ്രശ്നമായുള്ളവരും ഏറെയാണ്. ഇത് കണക്കിലെടുത്ത് ഒരു ഒഫ്ത്താൽമോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം കൺസൾട്ടൻസി അടിസ്ഥാനത്തിൽ നൽകി വരുന്നു.

**ആർട്ടെബിലിറ്റി സെൻറർ** : പെയിന്റിംഗ്, ഡ്രോയിംഗ്, കളിമൺ മോഡലിംഗ്, പേപ്പർ, തുണി കരകൗശല വസ്തുക്കൾ തുടങ്ങി വിവിധ സൃഷ്ടിപരമായ കലാരൂപങ്ങളിൽ നിർമ്മിക്കാനുള്ള ഭിന്നശേഷിക്കാരുടെ കഴിവ് വികസിപ്പിക്കുന്നതിനായി NIPMR-ൽ ആരംഭിച്ച കേന്ദ്രമാണ് ആർട്ടെബിലിറ്റി സെൻറർ. ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാൻ ഇത്തരം കേന്ദ്രങ്ങൾക്ക് കഴിയും. ഇതിനോടനുബന്ധമായി ചൂള, പോട്ടറി വീൽ എന്നിവ ഉൾപ്പെടെ ഒരു പോട്ടറി ആൻറ് സിറാമിക് വർക്ക്ഷോപ്പും സജ്ജീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ഫൈൻ മോട്ടോർ സ്കിൽസ് വികസിപ്പിക്കാനും ഇത് പ്രയോജനകരമാണ്.

**പോട്ടറി & സിറാമിക്സ് യൂണിറ്റ് :** NIPMR ന്റെ സേവനം പ്രയോജനപ്പെടുത്തുന്ന ഭിന്നശേഷിക്കാരുടെ സർഗ്ഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു പോട്ടറി & സിറാമിക്സ് യൂണിറ്റ് തൊഴിൽ/ വൊക്കേഷണൽ ട്രെയിനിംഗിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.